# നാരകക്കാളി

വി.സി.ബാലകൃഷ്ണൻ

"പുഴുകേറിത്തിന്നെന്റെ കരിവേപ്പുകാലിയായ്,
കഴുവേറിപ്പുഴുവിനെ ഞാനരയ്ക്കും.
പച്ചിലയൊക്കെയും കത്രികപ്പല്ലിനാൽ
പപ്പടം പോലവൻ തിന്നുവല്ലോ"

കറിവേപ്പില പറിക്കുമ്പോൾ അതിൽ കാണുന്ന പുഴുവിനെ നമ്മളും ചിലപ്പോഴെങ്കിലും ഇപ്രകാരം ശപിച്ചിരിക്കും. വീട്ടുപറമ്പിലെ നിത്യസന്ദർശകനായ നാരകക്കാളി (കോമൺ മോർമൺ) എന്ന ശലഭത്തിന്റെ പുഴുവിനെയാണ് നാം കറിവേപ്പിൽ കണ്ടത്. കറിവേപ്പ് കൂടാതെ നാരകവർഗത്തിൽ തന്നെയുള്ള നാരകം, കൂവളം, പാണൽ എന്നീ ചെടികളെ ആശ്രയിച്ചാണ് നാരകക്കാളി അതിന്റെ ജീവിതചക്രം പൂർത്തിയാക്കുന്നത്. ഈ ചെടികളുടെ തളിരിലകളുടെ അടിഭാഗത്തായി മഞ്ഞ ഇളംപച്ച നിറത്തിൽ ഗോളാകൃതിയിലാണ് നാരകക്കാളിയുടെ മുട്ടകൾ കാണപ്പെടുക.

മുട്ടകൾ വിരിഞ്ഞിറങ്ങുന്ന പുഴുക്കൾ ആദ്യഘട്ടത്തിൽ ഇലയ്ക്കുമുകൾഭാഗത്ത് പക്ഷിക്കാഷ്ഠം പോലെ കാണപ്പെടുന്നു. ആർത്തിയോടെ തളിരിലകൾ ഭക്ഷിക്കുന്ന പുഴുക്കൾ വളർച്ചയുടെ അടുത്ത ഘട്ടത്തിൽ ഇലപ്പച്ചനിറത്തിലുള്ള 'കുപ്പായ'ത്തിലേക്ക് മാറുന്നു. ഏതെങ്കിലും തരത്തിൽ ഉപദ്രവിച്ചാൽ, തലയുടെ അറ്റത്തുനിന്ന്, രണ്ടായിപ്പിളർന്ന് ചുവന്ന കൊമ്പുകൾ പോലുള്ള അവയവം പെട്ടെന്ന് പുറത്തേക്ക് നീട്ടുന്നു. അതോടൊപ്പം തന്നെ ഒരുതരം രൂക്ഷഗന്ധവും പുറപ്പെടുവിക്കുന്നു. ശത്രുക്കളായി വരാറുള്ള പല്ലി, ഓന്ത്, ചെറുപക്ഷികൾ എന്നിവയെ പേടിപ്പിച്ച് അകറ്റാനാണ് ശലഭം ഈ 'വിദ്യ' പ്രയോഗിക്കുന്നത്. എന്നിരുന്നാലും പുളിയുറമ്പുകളുടെ അടുക്കൽ ഈ വിദ്യ പലപ്പോഴും ചെലവാകാറില്ല.

പൂർണ വളർച്ചയെത്തിയ പുഴു തീറ്റ നിർത്തി സമാധിക്കൊരുങ്ങുകയായി. ഇളംതണ്ടിൽ ഇലയുടേയും തണ്ടിന്റെയും ഇടയിലാണ് ഇവ പലപ്പോഴും സമാധിക്കൂടൊരുക്കാറുള്ളത്. ശരീരത്തിന്റെ പിൻഭാഗം കമ്പിൽ ഉറപ്പിച്ചതിനുശേഷം മുൻഭാഗം പട്ടുനൂലുകൊണ്ട് തണ്ടിൽ ബന്ധിക്കുന്നു. തലയറ്റത്ത് രണ്ടു കൊമ്പുകളുമായി തണ്ടിൽ ഞാന്നുകിടക്കുന്ന ഇളംപച്ചനിറത്തിലുള്ള പ്യൂപ്പയെ എളുപ്പത്തിൽ കണ്ടെത്തുക പ്രയാസമാണ്.

ഒമ്പതുദിവസത്തെ സമാധിക്കുശേഷം സൂര്യോദയ സമയത്ത് പ്യൂപ്പത്തോടുപൊട്ടിച്ച് പുറത്തുവരുന്ന ശലഭത്തിന്റെ ചിറുകകൾ നനഞ്ഞ് ചുരുണ്ടിരിക്കും. പിന്നീട് സാവധാനം ജീവിതലക്ഷ്യം തേടി പറന്നുനടക്കുകയായി.

ആൺശലഭത്തിന് കറുത്ത മുൻചിറകിൽ പിന്നറ്റത്ത് അരിക് കവിഞ്ഞ് ഏഴോ എട്ടോ വെളുത്ത പൊട്ടുകളുടെ ഒരു നിരയുണ്ടാകും. ചിറകുകൾ നിവർത്തിയാൽ പിൻചിറകിനു നടുവിൽ കുറുകെയുള്ള ഒരു നിര വെള്ളപ്പൊട്ടുകൾ ഇതിനോട് ചേർന്ന് ഒറ്റവരിയായി കാണപ്പെടുന്നു.

പെൺശലഭത്തിന് മൂന്ന് വകഭേദങ്ങളുണ്ട്. അവയിൽ രണ്ടെണ്ണം യഥാക്രമം ചക്കര റോസ് (കോമൺ റോസ്), ചക്കരപ്പാറ്റ (ക്രിംസൺ റോസ്) എന്നീ ശലഭങ്ങളെ അനുകരിക്കുന്നു. എന്നാൽ ശരീരത്തിൽ ചുവപ്പുനിറമില്ലാത്തതിനാൽ മേൽപറഞ്ഞ ശലഭങ്ങളിൽനിന്ന് ഇവയെ വേർതിരിച്ചറിയാം. നാരകക്കാളിയുടെ ശരീരത്തിന് കറുപ്പുനിറമാണ്. മൂന്നാമത്തെയിനം പെൺശലഭങ്ങൾ ആൺശലഭങ്ങളെപ്പോലെയാണ്. എന്നാൽ ഈ രൂപം കേരളത്തിൽ അപൂർവ്വമാണ്.

നാരകത്തിലും കറിവേപ്പിലും ചില ചില്ലറ ശല്യങ്ങളൊക്കെ ചെയ്യാറുണ്ടെങ്കിലും ചെടിയുടെ നാശത്തിന് ഇവ ഒരിക്കലും കാരണമാകുന്നില്ല. അതേസമയം കവി നിരീക്ഷിക്കുന്നതുപോലെ

"ഏവം പരാഗം പകർന്നുവേണം
പൂവിനു കായ്ക്കനിയങ്കുരിപ്പിക്കാൻ
മക്കളേ നമ്മളെ പ്പാലിക്കുവാൻവന്ന
മംഗളദേവതയിശ്ശലഭം"

(പൂമ്പാറ്റ – വൈലോപ്പിള്ളി)